# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 -26

## ജി.എം.എൽ.പി.സ്കൂൾ
## പാലക്കോട്

# അകത്തളം


| വിഷയം | പേജ് |
|---|---|
| **വിദ്യാലയ വിവരങ്ങൾ** | 3 |
| **ആമുഖം** | 4 |
| **കാഴ്ചപ്പാട്** | 5 |
| **ലക്ഷ്യങ്ങൾ** | 6 |
| **അവസ്ഥ വിശകലനം** | 7 |
| **അക്കാദമിക പ്രവർത്തനങ്ങൾ-** | |
| മലയാളം | 8 |
| ഗണിതം | 9 |
| പരിസരപഠനം | 10 |
| ഇംഗ്ലീഷ് | 11 |
| അറബിക് | 12 |
| കലാ കായികം -പ്രവർത്തിപരിചയം | 13 |
| **പ്രവർത്തന കലണ്ടർ** | 14 |
| **പിന്നാമ്പുറം** | 18 |

# വിദ്യാലയത്തിന്റെ പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര്<br>വിലാസം | **ജി.എം.എൽ.പി.സ്കൂൾ**<br>**പാലക്കോട് (പി.ഒ),**<br>**വെങ്ങര (വഴി), കണ്ണൂർ 670305** |
| **പ്രധാനധ്യാപകൻ** | **സതീശൻ എരമംഗലം** |
| ഫോൺ | 9495347753 |
| സ്കൂൾ കോഡ് | 13919 |
| വിദ്യാഭ്യാസ ഉപജില്ല | പയ്യന്നൂർ |
| വിദ്യാഭ്യാസ ജില്ല | തളിപ്പറമ്പ് |
| റവന്യൂ ജില്ല | കണ്ണൂർ |
| ബി.ആർ.സി | പയ്യന്നൂർ |
| സി.ആർ.സി | രാമന്തളി |
| ബ്ലോക്ക് പഞ്ചായത്ത് | പയ്യന്നൂർ |
| ജില്ലാ പഞ്ചായത്ത് | കണ്ണൂർ |
| നിയമസഭാമണ്ഡലം | പയ്യന്നൂർ |
| ലോക്സഭാ മണ്ഡലം | കാസർഗോഡ് |
| താലൂക്ക് | പയ്യന്നൂർ |
| വില്ലേജ് | രാമന്തളി |
| ഇ.മെയിൽ | **hmgmlpspalakode@gmail.com** |
| ഫേസ്ബുക്ക് പേജ് | PALACODE SCHOOL /FB |
| ആകെ കുട്ടികൾ | ആൺ 16 പെൺ 23=39 |
| ആകെ അധ്യാപകർ | 5 , PTCM 1 |

# ആമുഖം

രാമന്തളി ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ പാലക്കോട് ഗ്രാമത്തിൽ വടക്കുകിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന പാലക്കോട് ജി.എം.എൽ.പി.സ്കൂൾ **1924** ൽ സ്ഥാപിക്കപ്പെട്ടു.പാലക്കോട് ബ്രാഞ്ച് പോസ്റ്റ് ഓഫീസ്,,, ജി.യു.പി.സ്കൂൾ,, മദ്രസ,, ജുമാമസ്ജിദ്,, അംഗൻവാടി എന്നിവ ഈ വിദ്യാലയത്തിന്റെ സമീപത്തായി സ്ഥിതി ചെയ്യുന്നു. ഏഴിമലയുടെ താഴ്‌വരയിൽ മാടായിപ്പാറക്കും സുൽത്താൻ കനാലിനും പാലക്കോട് പുഴക്കും അറബിക്കടലിനും കൈയ്യെത്തും ദൂരത്താണ് ഈ വിദ്യാലയം ഉള്ളത്.

പഞ്ചായത്തിലെ 8,9,10 വാർഡുകൾ ഉൾക്കൊള്ളുന്ന പാലക്കോട്, ഓലക്കാൽ, ചാലിൽ , വലിയ കടപ്പുറം, കക്കംപാറ ,ചിറ്റടി,കരമുട്ടം എന്നീ പ്രദേശങ്ങളിലെ സാധാരണക്കാരായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മൽസ്യത്തൊഴിലാ ളികളുടെയും കർഷകരുടെയും മക്കളാണ് ഇവിടെ പഠിക്കുന്ന ഭൂരിപക്ഷം കുട്ടികളും. ഏതാനും അന്യ സംസ്ഥാന കുട്ടികളും പഠിക്കുന്നുണ്ട്.

പാലക്കോട് മുസ്ലിം ജമാഅത്ത് കമ്മിറ്റിയുടെ ഉടമസ്ഥതയിലുള്ള വാടകക്കെട്ടിടത്തിലാണ് വിദ്യാലയം പ്രവർത്തിക്കുന്നത്. ഒരു വാടക കെട്ടിടത്തിന്റെ പരിമിതമായ സൗകര്യങ്ങൾക്കിടയിലും മികച്ച പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്.

വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ പലരും അധ്യാപകർ ,പത്രപ്രവർത്തകർ, എൻജിനീയർമാർ, പോലീസുകാർ ,ജനപ്രതിനിധികൾ തുടങ്ങിയ സമൂഹത്തിലെ വിവിധ മേഖലകളിൽ രാജ്യത്തിനകത്തും പുറത്തും സേവനം ചെയ്തുവരുന്നു.പ്രദേശത്തെ സന്നദ്ധ സംഘടനകൾ വിദ്യാലയ പ്രവർത്തനങ്ങൾക്ക് ഇപ്പോഴും സജീവ സഹകരണം നൽകുന്നുണ്ട്.

ഉച്ചഭക്ഷണം,പാൽ,മുട്ട,തുടങ്ങിയവയുടെവിതരണം കാര്യക്ഷമതയോടെയും വൃത്തിയായും നടത്തുന്നുണ്ട്.

കരമുട്ടം, ഓലക്കാൽ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾ ഓട്ടോറിക്ഷയിൽ എത്തുന്നുണ്ട്. സ്വന്തമായ വാഹനം ലഭിക്കുകയാണെങ്കിൽ ഗതാഗത സൗകര്യം കൂടുതൽ മെച്ചപ്പെടുത്താം. **MPTA,CPTA,SMC** എന്നിവ വർഷാദ്യം രൂപീകരിച്ച് വിദ്യാലയ പ്രവർത്തനങ്ങളിൽ എല്ലാവിധ സഹകരണവും നൽകിവരുന്നു.

## മികവിന്റെ കേന്ദ്രം നമ്മുടെ വിദ്യാലയം - കാഴ്ചപ്പാട്

- ✓ **"ഓരോ വീടും ഓരോ വിദ്യാലയമാണ്, മാതാപിതാക്കൾ അധ്യാപകരും" എന്ന ഗാന്ധിയൻ വചനം അന്വർത്ഥമാക്കുംവിധം വിദ്യാലയത്തെ പഠിതാവിന്റെ രണ്ടാം വീടായി കണക്കാക്കി ശിശുസൗഹൃദ മാക്കുക**
- ✓ **പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സജീവതയോടെയും താൽപര്യത്തോടെയും പങ്കെടുത്ത് സർവ്വോന്മുഖ ശാരീരിക-മാനസിക വികസനം ഉണ്ടാക്കിക്കൊടുക്കുക.**
- ✓ **ശുചിത്വം ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങൾക്കായുള്ള സാഹചര്യം ഒരുക്കി കൊടുക്കുക.**
- ✓ **ഭിന്നശേഷിക്കാരെയും പിന്നാക്കക്കാരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പരിപോഷിപ്പിക്കുക.**




# ലക്ഷ്യങ്ങൾ

1. ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുക .
3. ഓരോ ക്ലാസിലും ആവശ്യമായ പഠന നേട്ടങ്ങൾ കൈവരിക്കൽ.
4. കുട്ടികളുടെ അക്കാദമിക -സർഗാത്മക - കായിക കഴിവുകൾ പ്രോത്സാഹിപ്പിക്കൽ.
5. ഭാഷാശേഷികളായ ശ്രവണം ,ഭാഷണം, വായന, എഴുത്ത് എന്നിവയ്ക്ക് വേണ്ട അവസരങ്ങൾ ഉണ്ടാക്കി ശേഷികൾ പൂർണ്ണമായും കൈവരിക്കൽ.
6. ദേശസ്നേഹം വർദ്ധിപ്പിക്കൽ.

7. നാം ജീവിക്കുന്ന ലോകത്തിന്റെ ചരിത്രത്തിലേക്കും അടിസ്ഥാന ശാസ്ത്ര വിവരങ്ങളിലേക്കും കുട്ടികളെ എത്തിക്കാനുള്ള സാഹചര്യം ഉണ്ടാക്കൽ.
8. ഗണിത ക്രിയകളുടെ പ്രാഥമിക പഠനങ്ങൾ നേടൽ .
9. വിദ്യാലയ പ്രവർത്തനങ്ങളിൽ കുട്ടികളെയും രക്ഷിതാക്കളെയും പൊതുജനങ്ങളേയും പങ്കാളികളാക്കുക.
10. വിദ്യാലയത്തിന്റെ സൽപേര് നിലനിർത്തി വരുംതലമുറയ്ക്ക് നല്ല വിദ്യാഭ്യാസം കൈമാറാനായി വിദ്യാലയം സജ്ജമാക്കുക.
11. ഭിന്നശേഷിക്കാരുടെ കഴിവുകൾ പരിപോഷിപ്പിക്കുക.
12. പിന്നാക്കക്കാരായ വിദ്യാർത്ഥികളെ മുൻനിരയിലേക്ക് എത്തിക്കുക.
13. ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം വ്യാപിപ്പിക്കുക.
14. ആരോഗ്യ – ശുചിത്വ- കായിക ബോധമുള്ള മനസ്സും ശരീരവും വളർത്തിയെടുക്കുകയും നേതൃപാടവം ഉണ്ടാക്കിയെടുക്കുകയും ചെയ്യുക .
15. നിർമാണാത്മക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.

# നിലവിലെ അവസ്ഥ വിശകലനം

ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി 39 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. 5 അധ്യാപകരും ഒരു പി.ടി.സി.എം ഉം സേവനം ചെയ്തുവരുന്നു.

**2025-26** അധ്യയന വർഷത്തേക്കുള്ള അഡ്മിഷനുവേണ്ടി അദ്ധ്യാപകർ Krഹ സന്ദർശനം നടത്തി ഒന്നാം തരത്തിലേക്കും പ്രീ പ്രൈമറിയിലേക്കും കുട്ടികൾ ചേർന്നിട്ടുണ്ട്. പ്രി പ്രൈമറി വിഭാഗത്തിൽ 18 കുട്ടികൾ പഠിക്കുന്നുണ്ട്.

എല്ലാ ക്ലാസ്സിലെയും കുട്ടികൾക്ക് മലയാളം എഴുതാനും വായിക്കാനുമുള്ള ശേഷി ലഭിച്ചിട്ടുണ്ട്. ഗണിതത്തിലും ഇംഗ്ലീഷിലും മറ്റു വിഷയങ്ങളിലുമുള്ള പഠന പ്രവർത്തനങ്ങളിലും മികവ് കാണിക്കുന്നുണ്ട്. ഉപജില്ലാ കായിക മേളയിലും അറബിക് സാഹിത്യോത്സവത്തിലും വിദ്യാരംഗം സാഹിത്യ മത്സരങ്ങളിലും മുൻ വർഷങ്ങളിൽ പങ്കെടുത്ത് പോയിൻറുകൾ നേടാൻ സാധിച്ചിട്ടുണ്ട്. **L.S.S,** അറബിക് സ്കോളർഷിപ്പ് പരീക്ഷകളിലും പങ്കെടുക്കാറുണ്ട്. കെട്ടിട ഉടമസ്ഥരായ ജമാഅത്ത് കമ്മിറ്റി

എല്ലാ വർഷവും വാർഷിക മെയിന്റെനൻസ് നടത്താറുണ്ട്. നാട്ടിലെ സന്നദ്ധസംഘടനകൾ വിദ്യാലയത്തിലെ കുട്ടികൾക്ക് സമ്മാനങ്ങളും പുതുതായി ചേരുന്ന കുട്ടികൾക്ക് പഠനോപകരണങ്ങളും സൗജന്യമായി നൽകാറുണ്ട്.

ഹരിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പൂച്ചട്ടികൾ സ്ഥാപിക്കുകയും, വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഐ.സി.ടി. അധിഷ്ഠിത പഠനത്തിനായി 3 ലാപ്ടോപ്പുകളും, 3 പ്രൊജക്റ്ററുകളും, ഒരു ഡെസ്ക്ടോപ്പും പ്രവർത്തന സജ്ജമാണ്. സ്കൂൾ ആവശ്യത്തിനായി ഒരു പ്രിന്ററും ഉണ്ട്. കെ ഫോൺ കണക്ഷൻ കിട്ടാത്തതിനാൽ ഇന്റർനെറ്റ് ലഭ്യതയ്ക്കു പരിമിതിയുണ്ട്.
സ്കൂളിലെ പരിപാടികളുടെ ഉപയോഗത്തിനായി സ്വന്തമായി മൈക്ക് സെറ്റ് ഉണ്ട്.

ഒരു വാടകക്കെട്ടിടത്തിന്റെ എല്ലാവിധ പോരായ്മകളും ഈ വിദ്യാലയത്തിനുമുണ്ട്. ഓഫീസ് , സ്റ്റാഫ് റൂം , ലൈബ്രറി , കമ്പ്യൂട്ടർലാബ്, പാചകപ്പുര, ശൗചാലയങ്ങൾ, കളിസ്ഥലം എന്നിവ മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

അക്കാദമിക നിലവാരം ശരാശരിയിൽ നിന്ന് ഉന്നത നിലവാരത്തിൽ എത്താൻ ഇത് സഹായിക്കും, രക്ഷാകർതൃ സമിതി യോഗങ്ങളിൽ പുരുഷന്മാരുടെ സാന്നിധ്യമില്ലാത്തത് കാരണം വികസന ചർച്ചകൾ ചൂട് പിടിക്കാറില്ല.

# അക്കാദമിക പ്രവർത്തനങ്ങൾ

□□□□□□

| നമ്പർ | പ്രവർത്തനം | ക്ലാസ് | കാല ദൈർഘ്യം | ലക്ഷ്യം |
|---|---|---|---|---|
| 1 | മലയാള ജ്യോതി: പിന്നാക്കക്കാരായ കുട്ടികൾക്കുള്ള പ്രത്യേക പരിശീലന പദ്ധതി, പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കി ആവശ്യമായ പരിശീലനം നൽകും. | III IV | ജൂൺ - - സെപ്തംബർ | 3,5,12 |
| 2 | വായനോത്സവം: ക്ലാസ്സുകളുടെ നിലവാരത്തിനനുസരിച്ചുള്ള വായനാ സാമഗ്രികൾ നൽകി ക്വിസ് , പുസ്തക | I TO IV | ജൂൺ - ഫെബ്രുവരി | 3,5,9 |

| | | | | |
|---|---|---|---|---|
| | വിതരണം തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കും. | | | |
| 3 | രചനോത്സവം/ പാട്ടുത്സവം: പാട്ട്, കഥാ-കവിതാ എന്നിവ നിർമ്മിക്കാനും സ്ക്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാനും അവസരം നൽകും. | I TO IV | സെപ്റ്റംബർ - ഡിസംബർ | 3,5 |
| 4 | ഭാഷ വികാസിനി: വായന കാർഡുകൾ, ചിത്ര കാർഡുകൾ എന്നിവ ഉപയോഗിച്ച് അക്ഷരങ്ങളും , ചിഹ്നങ്ങളും മനസ്സിൽ ഉറപ്പിക്കാനായി പ്രത്യേക പരിശീലന പദ്ധതികൾ നൽകും. | III IV | ഡിസംബർ - ഫെബ്രുവരി | 3,5,11,12 |
| 5 | സംയുക്ത ഡയറി, സചിത്ര പുസ്തകം എന്നിവ കാര്യക്ഷമം ആയി നടപ്പിലാക്കും. | I,II | ജൂൺ - - ഫെബ്രുവരി | 3,5,11,12 |

# ഗണിതം

| നമ്പർ | പ്രവർത്തനം | ക്ലാസ് | കാലദൈർഘ്യം | ലക്ഷ്യം |
|---|---|---|---|---|
| 1 | ഉല്ലാസ ഗണിതം: കളികൾ, പാട്ടുകൾ, വീഡിയോ, ഓഡിയോ സഹായികൾ ,ഗെയിമുകൾ എന്നിവ ഉപയോഗിച്ച് ഒന്നു മുതൽ ആയിരം വരെയുള്ള | I II | ജൂൺ - സെപ്റ്റംബർ | 3,8,12 |

| | | | | |
|---|---|---|---|---|
| | സംഖ്യകൾ മനസ്സിൽ ഉറപ്പിക്കാനുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കും. പിന്നാക്കക്കാർക്ക് ലളിതമായ മാർഗ്ഗങ്ങൾ നൽകും | | | |
| 2 | ഗണിത വിജയം: സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നീ ശേഷികൾ നേടുന്നതിനാവശ്യമായ പ്രത്യേക പ്രായോഗിക പരിശീലനങ്ങൾ നൽകും. | III<br>IV | ജൂൺ - സെപ്റ്റം ബർ | 3,8,12 |
| 3 | തൂക്കാം അളക്കാം: അളവ് ,തൂക്കങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനായി ഉപകരണങ്ങളുപയോഗിച്ച് വ്യാപാരസ്ഥാപനങ്ങളുടെ **demo** സംഘടിപ്പിക്കും. | IV | ഒക് ടോബർ ഡിസം ബർ | 3,7,8,11 |

# പരിസരപഠനം

| ന മ്പ ർ | പ്രവർത്തനം | ക്ലാ സ് | കാല ദൈർ ഘ്യം | ല ക്ഷ്യം |
|---|---|---|---|---|
| 1 | സോഷ്യൽ സയൻസ് ഫെസ്റ്റ് ; ക്വിസ് , പ്രദർശനങ്ങൾ , പ്രസംഗം | III<br>IV | ജൂൺ മാർച്ച് | 1,3,6,9 |
| 2 | ഫീൽഡ് ട്രിപ്പ് : പ്രദേശത്തെ തൊഴിൽ ശാലകൾ, | I<br>TO | | 1,3,7,8 |

| | | | | |
|---|---|---|---|---|
| | പ്രകൃതിസുന്ദരമായസ്ഥലങ്ങൾ എന്നിവ സന്ദർശിക്കും. | IV | | |
| 3 | സംവാദം: പഴയ തലമുറയിലെ ആളുകളുമായും, പ്രത്യേക ശേഷിയുള്ളവരുമായും ആവശ്യമായ ചോദ്യങ്ങൾ ചോദിച്ച് വിവരങ്ങൾ ശേഖരിക്കും. | III<br>IV | ആഗസ്റ്റ്<br>സപ്തംബർ | 1,3,9 |
| 4 | ഡിജിറ്റൽ പഠനം: ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, അടിസ്ഥാന ശാസ്ത്രത്തിലെ പരീക്ഷണങ്ങൾ, മഹാന്മാരുടെ ചരിത്രമുള്ള ഡോക്യുമെന്ററികൾ എന്നിവ പ്രദർശിപ്പിക്കും. | I<br>TO<br>IV | ജൂൺ<br>ഫെബ്രുവരി | 1,3,9, 12 |
| 5 | ശാസ്ത്രപ്രദർശനം: അടിസ്ഥാന ശാസ്ത്രവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ, മോഡലുകൾ, വസ്തുക്കൾ, കുട്ടികളുടെ ഉത്പന്നങ്ങൾ, ശാസ്ത്ര പരീക്ഷണങ്ങൾ എന്നിവയുടെ പ്രദർശനം, കുട്ടികൾ സ്വയം തയ്യാറാക്കും. | II<br>TO<br>IV | നവംബർ | 1,3,6,9 |

## ഇംഗ്ലീഷ്

| നമ്പർ | പ്രവർത്തനം | ക്ലാസ് | കാലദൈർഘ്യം | ലക്ഷ്യം |
|---|---|---|---|---|
| 1 | ഇംഗ്ലീഷ് അസംബ്ലി: എല്ലാ വ്യാഴാഴ്ചയും ചേരുന്ന അസംബ്ലിയുടെ നടപടിക്രമങ്ങളെല്ലാം ഇംഗ്ലീഷിൽ നടത്തും. പാഠഭാഗങ്ങളുമായി | I<br>TO<br>IV | ജൂൺ<br>ഫെബ്രുവരി | 3,4,5,11 |

| | | | | |
|---|---|---|---|---|
| | ബന്ധപ്പെട്ട് സർഗാത്മക പ്രവർത്തനങ്ങൾ അവതരിപ്പിക്കാൻ അവസരം നൽകും. | | | |
| 2 | ഇംഗ്ലീഷ് റൈംസ് ക്യാമ്പ്: ഇംഗ്ലീഷ് പാട്ടുകളുടെ ക്യാമ്പ് സംഘടിപ്പിച്ച് പരമാവധി പാട്ടുകൾ പാടുവാൻ പരിശീലനം നൽകും | I<br>II | ജൂലായ്-സപ്തംബർ | 3,4,5,10 |
| 3 | റീഡേഴ്സ് തീയേറ്റർ/ ഹലോ ഇംഗ്ലീഷ് : ഇംഗ്ലീഷ് വായിക്കാനും എഴുതാനും വേണ്ടി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കും. പിന്നാക്കക്കാർക്ക് വേണ്ടി പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കും. | III<br>IV | ജൂലായ് നവംബർ | 3,4,5,11 |
| 4 | ഇംഗ്ലീഷ് ലൈബ്രറി: സ്കൂൾ ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾക്കായി പ്രത്യേക കോർണർ ഒരുക്കി ഇംഗ്ലീഷ് വായനയ്ക്ക് അവസരം നൽകും | I<br>TO<br>IV | ജൂൺ ഫെബ്രുവരി | 3,4,5,11 |
| 5 | ഇംഗ്ലീഷ് സ്കിറ്റ് | III<br>IV | നവംബർ-ഡിസംബർ | 3,4,5,11 |

# അറബിക്

| നമ്പർ | പ്രവർത്തനം | ക്ലാസ് | കാലദൈർഘ്യം | ലക്ഷ്യം |
|---|---|---|---|---|
| 1 | അറബിക് അസംബ്ലി: അസംബ്ലിയിൽ അറബി അധ്യാപകൻ അറബിയിൽ | I<br>TO<br>IV | ജൂൺ | 3,4,5,<br>10 |

| | | | | |
|---|---|---|---|---|
| | നിർദ്ദേശങ്ങൾ നൽകുകയും അറബിയിലെ സർഗാത്മക പ്രവർത്തനങ്ങൾ അവതരിപ്പിക്കുവാൻ അവസരം നൽകുകയും ചെയ്യും. | | ഫെ ബ്രുവ രി | |
| 2 | അറബിക് ഫെസ്റ്റ് / എക്സിബിഷൻ: ഡിസംബർ **18** അറബി ദിനവുമായി ബന്ധപ്പെട്ട് അറബിക് കലാമേളയും അറബിക് പഠനബോധന സാമഗ്രികളുടെ പ്രദർശനവും നടത്തും. | I TO IV | നവം ബർ- ഡിസം ബർ | 3,4,5, 10 |
| 3 | അറബി ചിത്രീകരണം: പാഠഭാഗവുമായി ബന്ധപ്പെട്ട റോൾപ്ലേ അവതരിപ്പിക്കാൻ അവസരം നൽകും, പിന്നാക്കക്കാർക്ക് ഉചിതമായ റോളുകൾ നൽകും. | I TO IV | ജനുവ രി- ഫെ ബ്രുവ രി | 3,4,5, 10 |
| 4 | അറബിക്ക് ലൈബ്രറി: സ്കൂൾ ലൈബ്രറിയിൽ അറബി പുസ്തകങ്ങൾക്കായി പ്രത്യേക കോർണർ ഒരുക്കി പ്രവർത്തിക്കും. | I TO IV | ജൂൺ ഫെ ബ്രുവ രി | 3,5,10,11,12 |
| 5 | അലിഫ് അറബിക് ക്ലബ് : ക്ലബ് രൂപീകരിച്ച് അറബിക് ഭാഷ പരിപോഷണ പദ്ധതികൾ തയ്യാറാക്കും. അലിഫ്, അൽ മാഹിർ സ്കോളർസിപ് പരീക്ഷകൾക്ക് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തും. | I TO IV | ജൂൺ ഫെ ബ്രുവ രി | 3,4,5, 10 |

# കലാകായിക പ്രവൃത്തി പരിചയം

| നമ്പർ | പ്രവർത്തനം | ക്ലാസ് | കാലദൈർഘ്യം | ലക്ഷ്യം |
|---|---|---|---|---|
| 1 | ഫ്രീ ഹാൻഡ് എക്സസൈസ് ആൻഡ് മാസ് ഡ്രിൽ, സുംബാ | I TO IV | ജൂൺ ഫെബ്രുവരി | 14 |

| | | | | |
|---|---|---|---|---|
| 2 | വാർഷിക കായികോത്സവം | I TO IV | ഒക്ടോബർ | 14 |
| 3 | കരകൗശല വസ്തുക്കളുടെ നിർമ്മാണം: പാവ, തൊപ്പി, മുഖംമൂടി എന്നിവ നിർമിക്കാനുള്ള പരിശീലനം, ബാലസഭ | I TO IV | ജൂൺ ഫെബ്രുവരി | 15 |
| 4 | കരകൗശലവസ്തുക്കളുടെയും ചിത്രങ്ങളുടെയും പ്രദർശനം | I TO IV | ജനുവരി | 15 |
| 5 | പാട്ടുൽസവം :<br>കുട്ടികൾ സ്വായത്തമാക്കിയ പാഠപുസ്തകത്തിലെ പാട്ടുകൾ, ലളിതഗാനങ്ങൾ , മാപ്പിളപ്പാട്ടുകൾ, സിനിമാഗാനങ്ങൾ എന്നിവയുടെ അവതരണം. | I TO IV | ഫെബ്രുവരി | 15 |

# പ്രവർത്തന കലണ്ടർ 2025-26

| മാസം | പ്രവർത്തനം | ഗുണഭോക്താക്കൾ | ധനകാര്യം | ചുമതല |
|---|---|---|---|---|
| ഏ | ❖ അക്കാദമിക്ക് മാസ്റ്റർ | അ | SMC, SRG | SRG |

| | | | | |
|---|---|---|---|---|
| പ്രി ൽ 2025 | പ്ലാനിലെ വിവിധ വിഷയങ്ങൾ ക്രോഡീകരിച്ച് തിട്ടപ്പെടുത്തുന്നു.<br>❖ SRG -യോഗം | ധ്യാപ കർ,ര ക്ഷി താക്ക ൾ,കു ട്ടികൾ | | |
| മെയ് 2025 | ❖ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മുന്നൊരുക്കം<br>❖ അധ്യാപകപരിശീലനം<br>❖ SMC രക്ഷാകർതൃ യോഗം<br>❖ SRG യോഗം | അ ധ്യാപ കർ,ര ക്ഷി താക്ക ൾ, കുട്ടി കൾ | SMC, SRG, BRC | SMC, SRG |
| ജൂൺ 2025 | ❖ പ്രവേശനോത്സവം<br>❖ മഞ്ഞുരുക്കൽ<br>❖ പരിസ്ഥിതിദിനാചരണം<br>❖ വായനാദിനം<br>❖ ആദ്യത്തെ അസംബ്ലി<br>❖ നമുക്ക് നടാം<br>❖ ബാലസഭ ആരംഭം<br>❖ ലൈബ്രറി പുസ്തക വിതരണം<br>❖ അക്ഷരങ്ങളും അക്കങ്ങളും നമ്മുടെ സുഹൃത്തുക്കൾ<br>❖ SMC പ്രവർത്തക സമിതി യോഗം<br>❖ SRG യോഗം | കുട്ടി കൾ | SMC, SRG, BRC പ ഞ്ചാ യത്ത് | SMC, SRG വികസ ന സമിതി |
| ജൂലാ യ് 2025 | ❖ കടലാസുതോണി<br>❖ പാവ നിർമ്മാണം<br>❖ വീടുനിർമാണം<br>❖ നാലക്കസംഖ്യകൾ പുതിയ കൂട്ടുകാർ<br>❖ കളിച്ചു തുടങ്ങാം<br>❖ സുംബാ<br>❖ ബഷീർ അനുസ്മരണം<br>❖ SMC ജനറൽബോഡി<br>❖ ചാന്ദ്ര ദിനാചരണം<br>❖ SRG യോഗം | അ ധ്യാപ കർ ,കുട്ടി കൾ | സ്റ്റാഫ് SMC | സ്റ്റാഫ് കൗൺ സിൽ |
| ആഗ സ്റ്റ് 2025 | ❖ പക്ഷികളുടെ ലോകത്തേക്ക്<br>❖ ,മഴയുത്സവം, | | സ്റ്റാഫ് SMC | സ്റ്റാഫ് കൗൺ സിൽ |

| | | | | |
|---|---|---|---|---|
| | ❖ മഴപ്പാട്ട് മേള ,<br>❖ അറബിക് സർഗ്ഗോത്സവം,<br>❖ ഫ്രീ ഹാൻഡ് എക്സൈസ്,<br>❖ ഹിരോഷിമ നാഗസാക്കി<br>❖ ക്വിറ്റിന്ത്യാ ദിനാചരണം,<br>❖ സ്വാതന്ത്ര്യദിനാഘോഷം,<br>❖ ഓണാഘോഷം,<br>❖ പാദവാർഷിക പരീക്ഷ,<br>❖ SRG യോഗം | | | |
| സെപ്റ്റംബർ 2025 | ❖ പാദവാർഷിക പരീക്ഷയുടെ ഉത്തരക്കടലാസ് വിതരണം,<br>❖ സ്വച്ഛഭാരത് - ചിത്രരചന<br>❖ മഹത്വചനങ്ങൾ പരിചയപ്പെടൽ,<br>❖ കലകളെ പരിചയപ്പെടൽ<br>❖ നല്ല ആഹാരശീലങ്ങൾ<br>❖ Skipping, Ball throw പരിശീലനം<br>❖ CPTA,SRG യോഗം | കുട്ടികൾ | സ്റ്റാഫ് SMC | സ്റ്റാഫ് കൗൺസിൽ |
| ഒക്ടോബർ 2025 | ❖ പൂവുകളുടെ ചിത്രപ്രദർശനം നിറം കൊടുക്കൽ<br>❖ Birds chart നിർമാണം<br>❖ രൂപങ്ങൾ മനസ്സിലാക്കാം<br>❖ ഗാന്ധിജയന്തി ദിനാചരണം<br>❖ ശാസ്ത്ര പ്രവർത്തി പരിചയ മേള<br>❖ കലോത്സവം അറബി സാഹിത്യോത്സവം പരിശീലനം ആരംഭം<br>❖ ഇംഗ്ലീഷ് എണ്ണങ്ങൾ<br>❖ SMC, SRG യോഗം | കുട്ടികൾ | സ്റ്റാഫ് SMC | സ്റ്റാഫ് കൗൺസിൽ |

| | | | | |
|---|---|---|---|---|
| നവം ബർ 2025 | ❖ ഒന്നാം തരത്തിൽ "പത്ത്",<br>❖ അറബിയിൽ എണ്ണാം<br>❖ Let us make kites<br>❖ തൊഴിൽശാല സന്ദർശനം<br>❖ കേരളപ്പിറവി ദിനാചരണം<br>❖ ശിശുദിനം,ചാച്ചാജി സ്മരണ<br>❖ തൊപ്പി നിർമാണം<br>❖ ഉപജില്ലാ കലോൽസവം<br>❖ SRG യോഗം | രക്ഷി താക്കൾ കുട്ടികൾ | സ്റ്റാഫ് SMC | സ്റ്റാഫ് കൗൺസിൽ |
| ഡിസംബർ 2025 | ❖ അർദ്ധ വാർഷിക പരീക്ഷയുടെ ഒരുക്കം<br>❖ വായിച്ച് വരക്കാം<br>❖ 2025 - 26 വർഷത്തെ അഡ്മിഷനു വേണ്ടി ഭവന സന്ദർശനം<br>❖ അറബി ഭാഷാ ദിനാചരണം: പ്രദർശനം, മത്സരങ്ങൾ<br>❖ അർദ്ധവാർഷിക പരീക്ഷ<br>❖ ക്രിസ്തുമസ് ആശംസാ കാർഡ് നിർമ്മാണം<br>❖ SMC യോഗം SRG യോഗം | രക്ഷി താക്കൾ കുട്ടികൾ | സ്റ്റാഫ് SMC | സ്റ്റാഫ് കൗൺസിൽ |
| ജനുവരി 2026 | ❖ അർദ്ധ വാർഷിക പരീക്ഷ ഉത്തരക്കടലാസുകൾ വിതരണം<br>❖ കൃഷി ആൽബം<br>❖ ചരിത്ര സ്മാരകങ്ങളുടെ മാതൃക നിർമാണം<br>❖ ഭൂപട പഠനം<br>❖ പുതുവൽസരാഘോഷം<br>❖ സ്പോർട്സ് ഡേ ,CPTA,SRG | രക്ഷി താക്കൾ കുട്ടികൾ | സ്റ്റാഫ് SMC | സ്റ്റാഫ് കൗൺസിൽ |
| ഫെബ്രുവരി 2026 | ❖ പഠനയാത്ര<br>❖ അളവും തൂക്കവും<br>❖ വ്യാപാരങ്ങളുടെ **demo**<br>❖ ഗ്ലോബ് പഠനം<br>❖ Happy Family<br>❖ വാർഷികാഘോഷം മുന്നൊരുക്കം | കുട്ടികൾ | സ്റ്റാഫ് SMC | സ്റ്റാഫ് കൗൺസിൽ |

| | | | | |
|---|---|---|---|---|
| മാർച്ച് 2026 | പാഠഭാഗങ്ങളുടെ ആവർത്തനം<br>❖ വാർഷിക പരീക്ഷയുടെ മുന്നൊരുക്കം<br>❖ പഠനോത്സവം<br>❖ വാർഷിക പരീക്ഷ<br>❖ SMC യോഗം<br>❖ വാർഷികാഘോഷം<br>❖ SRG യോഗം | കുട്ടികളിൽ | SMC | സ്റ്റാഫ് കൗൺസിൽ |

# പിന്നാമ്പുറം

ലഭ്യമായ വിഭവങ്ങളും സാഹചര്യങ്ങളും ഉപയോഗിച്ച് മെച്ചപ്പെട്ട വിദ്യാഭ്യാസവും അക്കാദമിക, അക്കാദമികേതര പ്രവർത്തനങ്ങൾ നൽകാൻ പ്രധാനധ്യാപകനും അധ്യാപകരും എപ്പോഴും പ്രതിജ്ഞാബദ്ധരാണ്. നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും സൽപേരും നിലനിർത്തി കൂടുതൽ സമ്പുഷ്ടതയോടെ രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സഹായത്തോടെ 2025-26 വർഷത്തെ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ പ്രാവർത്തികമാക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

